(എ) 1983-ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ ടീച്ചിംഗ് സർവ്വീസ് മുഴുവൻ വെയിറേജിനു കണക്കാക്കണമെന്നു നിർദ്ദേശമുണ്ടോ; എങ്കിൽ ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇൻക്രിമെന്റിനു അർഹതയുള്ള ടീച്ചിംഗ് സർവ്വീസ് മാത്രമേ വെയിറേജിനു കണക്കുകൂട്ടുന്നുള്ളു എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇല്ലെങ്കിൽ എല്ലാ ടീച്ചിംഗ് സർവ്വീസും വെയിറേജിനു കണക്കു കൂട്ടുവാ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി) ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം വെയിറേജിനു കണക്കാക്കുന്ന ടീച്ചിംഗ് സർവ്വീസ് ഏതൊക്കെയാണെന്നു അപ്പൻഡിക്സിൽ കൊടുത്തിട്ടുണ്ട്. † മറ്റു കാര്യങ്ങളെ കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) ഏതെങ്കിലും ടീച്ചിംഗ് സർവ്വീസ് വെയിറേജിനു കണക്കു കൂട്ടുന്നില്ലെങ്കിൽ ആ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ പരിശോധിക്കുന്നതാണ്.

ദീർഘകാലാവധിയിൽ പ്രവേശിച്ച അറബിക് ലക്ചറർമാർ

1863 [2904] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:

,, പി. കെ. കെ. ബാവ:

, കെ. സി. എ. മജീദ്:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, നാലകത്തു സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലാവധിയിൽ പ്രവേശിച്ച അറബിക് ലക്ചറർമാരെ അവധി കുറൻസൽ ചെയ്ത് വീണ്ടും ജോലിയിൽ പ്രവേശിക്കുമ്പോൾ പോസ്റ്റ് ഒഴിവില്ല എന്ന കാരണത്താൽ ഉദ്യോഗത്തിൽ പുനഃപ്രവേശിപ്പിക്കാതിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ എത്ര ലക്ചറർമാർ എത്ര കാലമായി വെളിയിൽ നിൽക്കുന്നു;

(സി) ഇവരെ ജോലിയിൽ പ്രവേശിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നുപേർ ഒരാൾ ഒരു വർഷമായും, മറ്റ് രണ്ടുപേർ ഒരു മാസമായും വെളിയിൽ നിൽക്കുന്നു.

† അനുബന്ധം—VI

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ സർവ്വീസിലുള്ള ചില അറബിക് അദ്ധ്യാപകർ, തൊഴിലില്ലായ്മ കാരണത്താൽ ഞങ്ങളെ പിരിച്ചുവിടാൻ പാടില്ല എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ട്. ഇവരെ പിരിച്ചുവിടാതെ പുനഃപ്രവേശനത്തിന് കാത്തുനിൽക്കുന്ന അദ്ധ്യാപകരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ സാധിക്കുന്നില്ല. മേലിലുണ്ടാകുന്ന ഒഴിവുകളിൽ ഇവരെ നിയമിച്ചുകഴിഞ്ഞശേഷമേ പുതുതായി നിയമനം നടത്താൻ സാധിക്കുകയുള്ളൂ.

പാർട്ട് ടൈം ലക്ചറർമാരുടെ നിയമനം

1864 [2905] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ സ്ഥാനത്തെ കോളേജുകളിൽ പാർട്ട് ടൈം ലക്ചറർമാരെ നിയമിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്താണ്; ആഴ്ചയിൽ ഇവരുടെ ജോലിസമയം എത്രയാണ്;

(സി) ഏതെല്ലാം ഭാഷകൾക്കും വിഷയങ്ങൾക്കുമാണ് ഇത് ബാധകമായിട്ടുള്ളത്;

(ഡി) ഇതേ സമയത്തുതന്നെ മറ്റ് ചില ഭാഷകളും വിഷയങ്ങളും പഠിപ്പിക്കുന്നതിന് സ്ഥിരമായി ലക്ചറർമാരെ നിയമിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇങ്ങനെയുള്ള വിവേചനത്തിന്റെ കാരണമെന്താണ്?

ഉത്തരം

(എ, ബി, സി) യൂണിവേഴ്സിറ്റി ഓർഡിനൻസ് അനുസരിച്ച് സിറിയക്, ലാറ്റിൻ, അറബി, മർക്കന്റയിൽ ലാ തുടങ്ങിയ വിഷയത്തിന്, ആഴ്ചയിൽ 12 മണിക്കൂറിൽ താഴെ മാത്രമേ പഠിപ്പിക്കേണ്ടതുള്ളുവെങ്കിൽ പാർട്ട് ടൈം ലക്ചറർമാരെ നിയമിക്കണം. അവരുടെ ജോലിസമയം ആഴ്ചയിൽ 12 മണിക്കൂറിൽ താഴെയാണ്.

(ഡി) ഉണ്ട്.

(ഇ) മറ്റു വിഷയങ്ങൾക്ക് ജോലിസമയം മിനിമത്തിനു താഴെയാണ്, എങ്കിലും പാർട്ട് ടൈം ലക്ചറർമാരെ നിയമിക്കണമെന്ന് യൂണിവേഴ്സിറ്റി ഓർഡിനൻസ് അനുശാസിക്കുന്നില്ല.

അവശകലാകാരൻമാർക്കുള്ള പെൻഷൻ

1865 [2906] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകലാകാരൻമാർക്ക് ഇപ്പോൾ ഗവൺമെന്റ് പെൻഷൻ നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തൊട്ടാകെ എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര രൂപയാണ് പ്രതിമാസം അവശകലാകാരൻമാർക്ക് പെൻഷൻ നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly